# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*291

09-05-2017 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
,, മുല്ലക്കര രത്നാകരൻ
,, ആർ. രാമചന്ദ്രൻ
,, കെ. രാജൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരെഞ്ഞെടുത്ത് അവർക്ക് സമയബന്ധിതമായി പരിശീലനം നൽകി കീടനാശിനി, കളനാശിനി എന്നിവയുടെ ഉപയോഗം പരമാവധി കുറച്ച് മറ്റ് ജൈവമാർഗ്ഗങ്ങളും അവലംബിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരമേറ്റയുടനെ തന്നെ 2743.2237 ഹെക്ടർ കരപ്രദേശത്ത് കരനെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2017-18 വർഷം സംസ്ഥാനത്ത് 2500 ഹെക്ടറിൽ കൂടി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 13600/- രൂപ സബ്സിഡി നിരക്കിൽ ആകെ 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. വിത്തിന് 3600 രൂപയും മറ്റ് ഉല്പാദനോപാധികളുടെ ചെലവ്, ഉഴവ്കൂലി എന്നിവക്കായി ഹെക്ടറിന് 10,000/- രൂപയും ഉൾപ്പടെ ആകെ 13,600/- രൂപയാണ് ഒരു ഹെക്ടർ കരനെൽകൃഷിക്ക് ധനസഹായമായി |

| | | | |
|---|---|---|---|
| | | | നൽകിവരുന്നത്. പദ്ധതി സംബന്ധിച്ചുള്ള ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ആറന്മുളയിലും മെത്രാൻകായലിലും റാണിക്കായലിലും നെൽകൃഷി ഇറക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ആറന്മുള നെൽകൃഷി:- ആറന്മുള പാടശേഖരങ്ങളിൽ 101.02 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി 2016-17 വർഷം 153.76 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം 101.02 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിലേക്കായി 87.22851 ലക്ഷം രൂപയാണ് ചെലവായത്. വിളവെടുത്ത നെല്ല് 'ആറന്മുള' ബ്രാൻഡ് നാമത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള അരിക്കടകൾ വഴി വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>മെത്രാൻകായൽ നെൽകൃഷി :- കോട്ടയം ജില്ലയിലെ കുമരകം മെത്രാൻകായൽ പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 80 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ. പദ്ധതിയ്ക്കാണ് 2016-17 വർഷം സർക്കാർ അനുമതി നൽകിയത്. കർഷകരുടെ ഉടമസ്ഥതയിലുള്ള 10 ഹെക്ടർ ഉൾപ്പെടെയുള്ള 120 ഹെക്ടർ പ്രദേശത്ത് നെൽകൃഷി എട്ട് കൊല്ലത്തിന് ശേഷം പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. വിളവെടുത്ത നെല്ല് 'മെത്രാൻകായൽ അരി' എന്ന ബ്രാൻഡ് നാമത്തിൽ വിപണിയിലെത്തിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>റാണിക്കായൽ നെൽ കൃഷി:-<br>ആലപ്പുഴ ജില്ലയിൽ കൈനകരി പഞ്ചായത്തിൽപ്പെട്ട 220.2619 ഹെക്ടറുള്ള റാണിക്കായലിൽ 2016-17 പുഞ്ചസീസണിൽ കൃഷി പുനരാരംഭിച്ചു. 189.12 ഹെക്ടർ സ്ഥലത്ത് കാൽനൂറ്റാണ്ടിന് ശേഷം കൃഷി ഇറക്കി വിളവെടുത്തു. 785.847 മെട്രിക് ടൺ നെല്ല് ഉൽപാദിപ്പിച്ച് സപ്ലൈകോ മുഖേന സംഭരിച്ചു.<br>ഇതിലേക്കായി സർക്കാർ നൽകിയ ധനസഹായങ്ങൾ, അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച വിവരം എന്നിവ ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>1.കൃഷി വകുപ്പ് മുഖേന 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ഘടകങ്ങൾക്കായി 55.21862 ലക്ഷം രൂപ ചെലവഴിച്ചു.<br><table>
<tr><td>(a)</td><td>പ്രധാന വാച്ചാലുകൾ ആഴം കൂട്ടൽ</td><td>39.07776 ലക്ഷം.</td></tr>
<tr><td>(b)</td><td>ഇുമ്പ് പൈപ്പ് സ്ഥാപനം</td><td>1.92611 ലക്ഷം.</td></tr>
<tr><td>(c)</td><td>ഡീ വാട്ടറിംഗ്</td><td>14.21475 ലക്ഷം.</td></tr>
<tr><td></td><td>ആകെ</td><td>55.21862 ലക്ഷം.</td></tr>
</table><br>2. മൈനർ ഇറിഗേഷൻ, ആലപ്പുഴ മുഖേന കുട്ടനാട് പാക്കേജിൽ പൈൽ & സ്ലാബ് സംവിധാനത്തിൽ റാണിക്കായലിന്റെ പുറംബണ്ട് നിർമ്മിച്ച് നൽകി.<br>3.കെ.എസ്.ഇ.ബി. പള്ളം മുഖേന 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് റാണി ചിത്തിര കായലിൽ പുനരുദ്ധരിക്കുന്ന പാക്കേജിൽ ഉൾപ്പെടുത്തി വൈദ്യുതീകരണം നടത്തി.</td></tr>
</table>

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2017-18 വർഷത്തിൽ ലക്ഷ്യമിടുന്ന കരനെൽകൃഷി - ജില്ല തിരിച്ചുള്ള വിവരം

| ക്രമ നം. | ജില്ല | കരനെൽകൃഷി വിസ്തൃതി (ഹെ.) ലക്ഷ്യം 2017-18 |
|---|---|---|
| 1 | തിരുവനന്തപുരം | 200 |
| 2 | കൊല്ലം | 250 |
| 3 | പത്തനംതിട്ട | 100 |
| 4 | ആലപ്പുഴ | 100 |
| 5 | കോട്ടയം | 100 |
| 6 | ഇടുക്കി | 50 |
| 7 | എറണാകുളം | 100 |
| 8 | തൃശ്ശൂർ | 500 |
| 9 | പാലക്കാട് | 170 |
| 10 | മലപ്പുറം | 300 |
| 11 | കോഴിക്കോട് | 450 |
| 12 | വയനാട് | 50 |
| 13 | കണ്ണൂർ | 80 |
| 14 | കാസർഗോഡ് | 50 |
| ആകെ | | 2500 |